DESPATCHED
On. 25/2/22

23/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
## E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1908(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 16454/SIC-G4/2021)**

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 23**

ശ്രീ. അലൻ എ.ബേബി,
ആരംമ്പിള്ളിക്കുടി വീട്,
കീഴില്ലം പി.ഒ.,
പെരുമ്പാവൂർ – 683 541.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ആഫീസർ,
വണ്ണപ്പുറം വില്ലേജ് ഓഫീസ്,
വണ്ണപ്പുറം പി.ഒ., ഇടുക്കി – 685 607.

2) അപ്പീൽ അധികാരി & തഹസിൽദാർ (ഭൂരേഖ),
താലൂക്ക് ഓഫീസ്,
തൊടുപുഴ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 17/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/07/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 31/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 13/09/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 09/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 13/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 11/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/02/2022 -(വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ., അപ്പീൽ അധികാരി | ഹാജരായി - ഓഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അലൻ എ.ബേബി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സെറ്റിൽമെന്റ് രജിസ്റ്ററിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷയ്ക്ക് ബി.റ്റി.ആർ പകർപ്പാണ് നൽകിയിട്ടുള്ളതെന്നും ആയതിനാൽ ടിയാന്റെ കൈയ്യിൽ നിന്ന് പകർപ്പ് ഫീ ഇനത്തിൽ അന്യായമായി ഈടാക്കിയ പണം തിരികെ നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജികാരൻ ആവശ്യപ്പെട്ടത് തൊടുപുഴ താലൂക്കിൽ വണ്ണപ്പുറം വില്ലേജിൽ, ബ്ലോക്ക് നം. 99-ൻ 61/1സി-25 എന്ന സർവ്വെ നമ്പറിന്റെ സെറ്റിൽമെന്റ് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 18.07.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട സർവ്വെ 61/1സി-25-ന്റെ ബി.റ്റി.ആർ ടി ഓഫീസിൽ ലഭ്യമാണെന്നും ആയതിന്റെ പകർപ്പ് ലഭിക്കുന്നതിന് 301/- രൂപ വില്ലേജ് ഓഫീസിൽ ഒടുക്കു വരുത്തി കൈപ്പറ്റാവുന്നതാണെന്നുമാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ 31.7.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് 16.8.2021-ന് എസ്.പി.ഐ.ഒ. വണ്ണപ്പുറത്തിന് റിപ്പോർട്ടിനായി കത്ത് നൽകിയിട്ടുള്ള പ്രകാരം 3.9.2021-ന് ലഭിച്ച മറുപടിയിൽ അപേക്ഷകൻ ആവശ്യപ്പെട്ട സർവ്വെ നമ്പർ: 61/1സി/25-ന്റെ ലഭ്യമായ രേഖയായ ബി.റ്റി.ആർ പകർപ്പ് അനുവദിക്കാമെന്ന ഇടക്കാല മറുപടി നൽകിയതിനാലാണ് അപ്പീൽ അധികാരിയുടെ വിവരങ്ങൾ പരാമർശിക്കാതിരുന്നതെന്നും അപേക്ഷകൻ ആഫീസിൽ ഹാജരായപ്പോൾ സെറ്റിൽമെന്റ് രജിസ്റ്റർ വില്ലേജ് ആഫീസിൽ ലഭ്യമല്ലായെന്നുള്ള കാര്യവും, ബി.റ്റി.ആർ മാത്രമാണ് വില്ലേജ് ആഫീസിൽ ലഭ്യമായതെന്നും അറിയിച്ച ശേഷമാണ് ബി.റ്റി.ആർ. പരിശോധനയ്ക്ക് നൽകി പകർപ്പ് സാക്ഷ്യപ്പെടുത്തി നൽകിയതെന്നും, ബി.റ്റി.ആർ. കാലപ്പഴക്കം ചെന്നതിനാലും ഫോട്ടോകോപ്പി എടുക്കുന്നതിനുള്ള സൗകര്യം വണ്ണപ്പുറം വില്ലേജാഫീസിൽ ഇല്ലാത്തതു കൊണ്ടും പ്രസ്തുത രജിസ്റ്റർ പുറത്തു കൊണ്ടുപോയി ഫോട്ടോകോപ്പി എടുക്കുന്നത് സുരക്ഷിതമല്ല എന്ന കാരണത്താലുമാണ് പരിശോധനയ്ക്ക് നൽകി പകർപ്പ് എഴുതി സാക്ഷ്യപ്പെടുത്തി നൽകിയതെന്നും നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ തന്നെ മറുപടി നൽകിയിട്ടുള്ളതാണെന്നും സെറ്റിൽമെന്റ് രജിസ്റ്റർ ലഭ്യമല്ല എന്ന വിവരം നൽകാത്തത് വില്ലേജ് ആഫീസറുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി കാണുന്നു എന്നും ആയതിനാൽ വിവരാവകാശ അപേക്ഷകൻ ആവശ്യപ്പെടുന്ന രേഖകളെ സംബന്ധിച്ച് വ്യക്തമായ മറുപടി നൽകേണ്ടതാണെന്നും വിവരാവകാശ നിയമപ്രകാരം നൽകുന്ന എല്ലാ മറുപടിയിലും അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി നൽകേണ്ടതാണെന്നും നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 1986-ൽ കോടിക്കുളം വില്ലേജ് ആഫീസിൽ നിന്നും പിരിഞ്ഞാണ്

വണ്ണപ്പുറം വില്ലേജ് ഓഫീസ് ഉണ്ടായതെന്നും സെറ്റിൽമെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നത് താലൂക്ക് ആഫീസിൽ ആയതിനാലും ബി.റ്റി.ആർ. വില്ലേജ് ആഫീസിൽ ലഭ്യമായതിനാലുമാണ് ബി.റ്റി.ആർ. പകർപ്പ് ആവശ്യമെങ്കിൽ ഫീസടച്ച് കൈപ്പറ്റാവുന്നതാണെന്ന് അപേക്ഷകന് മറുപടിയിൽ നിർദ്ദേശം നൽകിയിട്ടുള്ളതെന്നും ടി മറുപടി ലഭിച്ച് അപേക്ഷകൻ വണ്ണപ്പുറം വില്ലേജ് ആഫീസിൽ ഹാജരായപ്പോൾ തന്നെ വണ്ണപ്പുറം വില്ലേജ് ആഫീസിൽ സെറ്റിൽമെന്റ് രജിസ്റ്റർ ലഭ്യമല്ലെന്നും ബി.റ്റി.ആർ. പകർപ്പ് ആവശ്യമെങ്കിൽ ഫീസടച്ച് കൈപ്പറ്റാവുന്നതുമാണെന്ന് നിർദ്ദേശം നൽകുകയും ബി.റ്റി.ആർ. പകർപ്പ് പരിശോധിക്കുന്നതിന് അനുവാദം നൽകുകയും ഫോട്ടോകോപ്പി എടുക്കുന്നതിനുള്ള സൗകര്യം വണ്ണപ്പുറം വില്ലേജ് ആഫീസിൽ ഇല്ലാത്തതിനാൽ പകർപ്പ് ഫീസ് വാങ്ങി ബി.റ്റി.ആർ. പകർപ്പ് എഴുതി നൽകുകയും ചെയ്തിട്ടുണ്ടെന്നും വില്ലേജ് ഓഫീസർ അറിയിച്ചിട്ടുള്ളതാണെന്നും ടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ തീർപ്പാക്കി അപേക്ഷകൻ ആവശ്യപ്പെടുന്ന രേഖകളെ സംബന്ധിച്ച് വ്യക്തമായ മറുപടി നൽകേണ്ടതാണെന്ന് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജി, ബന്ധപ്പെട്ട രേഖകൾ, രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട്, ഹർജിക്കാരനും എതിർകക്ഷികളും ഹിയറിംഗ് വേളയിൽ ബോധിപ്പിച്ച വസ്തുതകൾ എന്നിവ കമ്മീഷൻ പരിശോധിച്ചു. ഹർജിക്കാരൻ ആവശ്യപ്പെട്ട സെറ്റിൽമെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നത് താലൂക്ക് ഓഫീസിൽ ആണെന്നതിനാൽ ടിയാന്റെ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം ടി ഓഫീസിലേക്ക് ഒന്നാം എതിർകക്ഷി കൈമാറേണ്ടതായിരുന്നു. ആയതിനാൽ ടി അപേക്ഷ 10.3.2022-നകം രണ്ടാം എതിർകക്ഷിക്ക് ലഭ്യമാക്കി ഹർജിക്കാരൻ ആവശ്യപ്പെട്ട സെറ്റിൽമെന്റ് രജിസ്റ്ററിന്റെ സക്ഷ്യപ്പെടുത്തിയ പകർപ്പ് സൗജന്യമായി 15.3.2022-നകം രണ്ടാം എതിർകക്ഷി ഹർജിക്കാരന് അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 30.3.2016-ലെ 69503/Cdn5/2015/GAD നമ്പർ സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും പാലിക്കാതെ കാലതാമസം വരുത്തികൊണ്ട് ബി.റ്റി.ആർ. പകർപ്പിന് 301/- രൂപ ഒടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 17.6.2021-ലെ അപേക്ഷയ്ക്ക് 15.7.2021-ന് പോസ്റ്റ് കാർഡിൽ വളരെ ലാഘവത്തോടെ മറുപടി നൽകിയത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെയും മേൽ പരാമർശിച്ച സർക്കുലറിന്റെയും ലംഘനവും വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് ഉത്തരവാദിയായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയെ

ശിക്ഷിക്കുവാനും ശിക്ഷയായി 3000/- രൂപ (മൂവായിരം രൂപ മാത്രം) ടിയാനിൽ നിന്നും പിഴയായി ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ടി 3000/- രൂപ (മൂവായിരം രൂപ മാത്രം) "0070-60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 10.3.2022-നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൻ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാന്റെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്.

7. ഒന്നാം എതിർകക്ഷിക്കെതിരെ പിഴ ശിക്ഷയായി കമ്മീഷൻ ചുമത്തിയ 3000/- രൂപ 10.3.2022-നകം ഒന്നാം എതിർകക്ഷി ഒടുക്കി കമ്മീഷൻ തീരുമാനം നടപ്പിലാക്കിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, ഇടുക്കി ജില്ലാ കളക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

8. ഹർജിക്കാരൻ സമർപ്പിച്ച 31.7.2021-ലെ ഒന്നാം അപ്പീൽ കാലതാമസം വരുത്തി 13.9.2021-ന് തീർപ്പാക്കിയതും ആവശ്യപ്പെട്ട സെറ്റിൽമെന്റ് രജിസ്റ്ററിന്റെ പകർപ്പ് ഹർജിക്കാരന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാതെ അപ്പീൽ തീർപ്പാക്കിയതും രണ്ടാം എതിർകക്ഷിയുടെ ഭാഗത്ത് സംഭവിച്ച വീഴ്ചയാണ്. ആയതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതെ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്ന് രണ്ടാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

US

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *